LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല ആരംഭിക്കുന്നതിന് നടപടി

42 [1143] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വിദ്യാഭ്യാസ ജില്ല വിഭജിച്ച് മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ല ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) എന്നത്തേക്ക് ഇത് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ—സി) പാലക്കാട് വിദ്യാഭ്യാസ ജില്ല വിഭജിച്ച് മണ്ണാർക്കാട് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല ആരംഭിക്കണമെന്ന നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി ആലോചിച്ച് പരിശോധിച്ചുവരുന്നു. അന്തിമ നടപടികൾ ആയിട്ടില്ല.

എല്ലാ പഞ്ചായത്തിലും പ്ലസ്ടു സ്കൂളുകൾ അനുവദിക്കാൻ നടപടി

43 [1144] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു സ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പ്ലസ്ടു സ്കൂളുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള അപേക്ഷകൾ എന്നുമുതലാണ് സ്വീകരിച്ച് തുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഹയർ സെക്കണ്ടറി കോഴ്സിന് സീറ്റുകൾ ഇല്ലാത്ത എട്ട് ജില്ലകളിൽ (ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് , കണ്ണൂർ, കാസറഗോഡ്) ഹയർ സെക്കണ്ടറി കോഴ്സുകളും ഹയർ സെക്കണ്ടറിയിൽ പുതിയ ബാച്ചുകളും അനുവദിക്കുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കോഴ്സുകൾ/ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 28-1-2006-ന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 10-2-2006 ആയിരുന്നു.